
ജനങ്ങളിലൂടെ സ്വരാജിലേക്ക്



"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ്"
"ഗ്രാമ സ്വരാജ് ആണ് എന്റെ സ്വപ്നം"
"എന്റെ ജീവിതമാണ് എന്റെ സന്ദേശം"

ഞങ്ങളുടെ സ്ഥാപനത്തിലെ ഏറ്റവും പ്രധാനപ്പെട്ട സന്ദർശകൻ ഉപഭോക്താവാണ്. അവർ ഞങ്ങളെ ആശ്രയിക്കുകയല്ല, ഞങ്ങൾ അവരെ ആശ്രയിക്കുകയാണ്. ഞങ്ങളുടെ ജോലിക്ക് അവർ ഒരു തടസ്സമല്ല, ഞങ്ങളുടെ ലക്ഷ്യം തന്നെ അവരാണ്. ഞങ്ങളുടെ പ്രവർത്തനങ്ങളിൽ അവർ പുറത്തുനിന്നുള്ള ആളല്ല. അവർ ഞങ്ങളുടെ പ്രവർത്തനത്തിന്റെ ഭാഗം ആണ്. ഞങ്ങൾ അവരെ സേവിക്കുക വഴി അവരോട് ഒരു സൗമനസ്യവും കാട്ടുന്നില്ല. സേവിക്കാൻ അവസരം തരുന്നതുവഴി അവർ ഞങ്ങളോടാണ് സൗമനസ്യം കാട്ടുന്നത്.

"കർത്തവ്യം അന്തർലീനമായിട്ടല്ലാത്ത
യാതൊരു അവകാശവും ഈ ലോകത്തിലില്ല"

ആമുഖം



പ്രിയ സുഹൃത്തേ,

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിഷ്ക്കരിച്ച പൗരാവകാശ രേഖ ജനങ്ങൾക്ക് മുമ്പിൽ സന്തോഷപൂർവ്വം സമർപ്പിക്കുകയാണ്. ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജിന്റെ സാക്ഷാത്ക്കാരമാണ് കേരളത്തിലെ ത്രിതല പഞ്ചായത്ത് ഭരണസംവിധാനങ്ങൾ. ഭരണഘടനയുടെ 73, 74 വകുപ്പുകൾ ഭേദഗതി ചെയ്തതാണ് ഈ അധികാരം പഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയടക്കം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണ ഏജൻസിയാണ് ബ്ലോക്ക് പഞ്ചായത്തുകൾ. അതുപോലെതന്നെ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന വിവിധ മിഷനുകളുടെ ഏകോപനവും ബ്ലോക്ക് പഞ്ചായത്തുകളാണ് നടത്തുന്നത്.

ഈ ഓഫീസുകളിൽ ലഭ്യമാകുന്ന സേവനങ്ങൾ വളരെ സുതാര്യമായും കാലതാമസം കൂടാതെയും ജനങ്ങൾക്ക് ലഭ്യമാകുന്നതിന്, ഈ പൗരാവകാശരേഖ തീർച്ചയായും ഉപകരിക്കും. ജനങ്ങൾക്ക് ആവശ്യമായ വിവിധ സേവനങ്ങൾ, അതു ലഭിക്കുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ, സേവനം നൽകാൻ ചുമതലപ്പെട്ടവർ, സമയപരിധിക്കുള്ളിൽ സേവനം ലഭിച്ചില്ലെങ്കിൽ പരാതി നൽകേണ്ടത് ആർക്ക് എന്നീ കാര്യങ്ങൾ ഈ രേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതുകൊണ്ട് തന്നെ ഈ പൗരാവകാശരേഖ ജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടും എന്ന വിശ്വാസത്തോടു കൂടി ഞാൻ നിങ്ങൾക്ക് മുൻപിൽ സമർപ്പിക്കുന്നു.

മുളന്തുരുത്തി
14.05.2022

രാജു പി. നായർ
പ്രസിഡന്റ്, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്


അടിസ്ഥാന വിവരങ്ങൾ

ബ്ലോക്ക് പഞ്ചായത്ത് വിലാസം	:	മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പെരുമ്പിള്ളി പി.ഒ., പിൻ - 682314 ഫോൺ: 0484 2740303
സ്ഥിതി ചെയ്യുന്ന സ്ഥലം	:	ചോറ്റാനിക്കര തലയോലപ്പറമ്പ് റൂട്ടിൽ മുളന്തുരുത്തി പള്ളിത്താഴം ജംഗ്ഷനിൽ നിന്നും 2 കിലോമീറ്റർ തെക്കുമാറി.
ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾ	:	ആമ്പല്ലൂർ, ചോറ്റാനിക്കര, എടയ്ക്കാട്ടുവയൽ മണീട്, മുളന്തുരുത്തി, ഉദയംപേരൂർ
റവന്യു ജില്ല	:	എറണാകുളം
താലൂക്ക്	:	കണയന്നൂർ, മൂവാറ്റുപുഴ
ലോക്സഭ മണ്ഡലം	:	കോട്ടയം, എറണാകുളം
നിയമസഭ മണ്ഡലം	:	പിറവം, തൃപ്പൂണിത്തുറ
ജില്ലാ പഞ്ചായത്ത് മണ്ഡലം	:	മുളന്തുരുത്തി, ഉദയംപേരൂർ
വിസ്തീർണ്ണം	:	125.84 ച.കി.
ജനസംഖ്യ	:	133747
പുരുഷൻ	:	65962
സ്ത്രീ	:	67785
പട്ടികജാതി	:	16039
പുരുഷന്മാർ	:	7842
സ്ത്രീകൾ	:	8197
പട്ടികവർഗ്ഗം	:	263
പുരുഷന്മാർ	:	125
സ്ത്രീകൾ	:	138
സാക്ഷരത	:	93.32%
ഗ്രാമപഞ്ചായത്ത്	:	6
ബ്ലോക്ക് ഡിവിഷൻ	:	13

PANCHAYATH RESOURCE MAPPING PROGRAMME

ERNAKULAM DISTRICT

MULAMTHURUTHI BLOCK



ഭരണസമിതി അംഗങ്ങൾ



ബിന്ദു സജീവ്
വൈസ് പ്രസിഡന്റ്



രാജു പി. നായർ
പ്രസിഡന്റ്



ഷാജി മാധവൻ
വികസനകാര്യ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



ജൂലിയറ്റ് ടി. ബേബി
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



പി.കെ. പ്രദീപ്
ആരോഗ്യം-വിദ്യാഭ്യാസം
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



അജി കെ.കെ.
മെമ്പർ



ജെയ്നി രാജു
മെമ്പർ



ജ്യോതി രാജീവ്
മെമ്പർ



ബിജു തോമസ്
മെമ്പർ



അഡ്വ. ജ്യോതി ബാലൻ
മെമ്പർ



ലത്ത മോഹനൻ
മെമ്പർ



സിജി അനോഷ്
മെമ്പർ



പി.കെ. സുബ്രഹ്മണ്യൻ
മെമ്പർ



നാസർ കെ.എച്ച്
സെക്രട്ടറി & ബി.ഡി.ഒ.

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

രാജു പി. നായർ	പ്രസിഡന്റ്	9447035375
ബിന്ദു സജീവ്	വൈസ് പ്രസിഡന്റ്	9961020018
ഷാജി മാധവൻ	വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	9961493043
ജൂലിയറ്റ് റ്റി. ബേബി	ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ	9995228686
പി.കെ. പ്രദീപ്	ആരോഗ്യം, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	9947987518
അജി കെ.കെ.	മെമ്പർ	9895007215
ജെയ്നി രാജു	മെമ്പർ	8139871442
ജ്യോതി രാജീവ്	മെമ്പർ	9496436881
ബിജു തോമസ്	മെമ്പർ	9447475541
അഡ്വ. ജ്യോതി ബാലൻ	മെമ്പർ	8086802692
ജലജ മോഹനൻ	മെമ്പർ	9605150816
സിജി അനോഷ്	മെമ്പർ	9895054783
പി.കെ. സുബ്രഹ്മണ്യൻ	മെമ്പർ	9447049497
നാസർ കെ.എച്ച്	സെക്രട്ടറി	8281040568

ലോക്സഭാംഗങ്ങൾ

1. ശ്രീ. തോമസ് ചാഴിക്കാടൻ – കോട്ടയം
2. ശ്രീ. ഹൈബി ഈഡൻ – എറണാകുളം

നിയമസഭാംഗങ്ങൾ

1. അഡ്വ. അനൂപ് ജേക്കബ്ബ് – പിറവം
2. ശ്രീ. കെ. ബാബു – തൃപ്പൂണിത്തുറ

ജില്ലാപഞ്ചായത്ത് അംഗങ്ങൾ

1. ശ്രീമതി അനിത ടീച്ചർ – ഉദയംപേരൂർ
2. ശ്രീ. എൽദോ ടോം പോൾ – മുളന്തുരുത്തി

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ

1.	ആമ്പല്ലൂർ	ശ്രീ. ബിജു തോമസ്	9495262820
2.	ചോറ്റാനിക്കര	ശ്രീ. രാജേഷ് എം. ആർ.	8075960292
3.	എടയ്ക്കാട്ടുവയൽ	ശ്രീ. കെ.ആർ. ജയകുമാർ	9447378154
4.	മണീട്	ശ്രീ. വി.ജെ. ജോസഫ്	9961988950
5.	മുളന്തുരുത്തി	ശ്രീമതി മറിയാമ്മ ബെന്നി	9895311187
6.	ഉദയംപേരൂർ	ശ്രീമതി സജിത മുരളി	9400219979

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർ

1.	ശ്രീ. നാസർ കെ.എച്ച്.	സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്	8281040568
2.	ശ്രീമതി ഇന്ദു പി. നായർ	എ.ഡി.എ.	9446567711
3.	ശ്രീമതി രമ്യ ജെ.എം.	എ.ഇ.ഇ.	9447337750
4.	ശ്രീമതി ശർമ്മിള	എ.ഇ.	9249106630
5.	ഡോ. സീന എൻ.എസ്.	എം.ഒ., സി.എച്ച്.സി. കീച്ചേരി	9895929773
6.	ഡോ. ഷാജി പി.എസ്.	എം.ഒ., സി.എച്ച്.സി. മുളന്തുരുത്തി	9895163855
7.	ഡോ. സുധ എ.	എം.ഒ., സി.എച്ച്.സി. പൂത്തോട്ട	9447567941
8.	ശ്രീമതി ചിത്ര പി.	എസ്.സി.ഡി.ഒ.	8547630093
9.	ശ്രീമതി ഡിഫ്ന ഡിക്രൂസ്	സി.ഡി.പി.ഒ.	9447404209
10.	ശ്രീമതി സൗമ്യ	സി.ഡി.പി.ഒ. (അഡീ.)	9947864784
11.	ശ്രീ. രാജേഷ് കെ.കെ.	വ്യവസായ വികസനഓഫീസർ	9446577578
12.	ഡോ. ഒരഞ്ജു ആന്റണി	വെറ്റിനറി സർജൻ	9447071970
13.	ശ്രീ. ജയിംസ് ജോസഫ്	ക്ഷീര വികസന ഓഫീസർ	9496825413

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ജീവനക്കാർ

1.	ശ്രീ. നാസർ കെ. എച്ച്.	ബി. ഡി. ഒ./സെക്രട്ടറി
2.	ശ്രീമതി സുജാത കെ. സി.	ജോ. ബി. ഡി. ഒ. (ഇ. ജി. എസ്.)
3.	ശ്രീ. ബിനോയ് പി. ജോൺ	എക്സ്റ്റൻഷൻ ഓഫീസർ (പി ആന്റ് എം)
4.	ശ്രീ. ശ്രീകുമാർ എസ്. ജെ.	ഹെഡ്ക്ലാർക്ക്
5.	ശ്രീ. രഞ്ജു പി. ശങ്കർ	ഹെഡ് അക്കൗണ്ടന്റ്
6.	ശ്രീമതി അനില പി.	എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്)
7.	ശ്രീമതി സന്ധ്യ സി. ബി.	എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം)
8.	ശ്രീ. സിബിൻ ഇ. പി.	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ
9.	ശ്രീ. സന്തോഷ് കെ. ടി.	സീനിയർ ക്ലാർക്ക് (ഡിപ്ലോയിഡ്)
10.	ശ്രീമതി ലത കെ. എൽ.	സീനിയർ ക്ലാർക്ക്
11.	ശ്രീമതി അഖില വാസുദേവൻ	ക്ലാർക്ക്
12.	ശ്രീമതി അഞ്ജു എം.	ക്ലാർക്ക്
13.	ശ്രീമതി രാജിമോൾ ആർ	സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്
14.	ശ്രീ. ബിജു എ.	ഡ്രൈവർ ഗ്രേഡ് 2
15.	ശ്രീമതി ജയമ്മ ടി. ജി.	ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 1
16.	ശ്രീമതി ദിവ്യാ രാഘവൻ	ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് 2
17.	ശ്രീമതി സൈനബ കെ. എൻ.	എ. ഇ., എം. ജി. എൻ. ആർ. ഇ. ജി. എസ്.
18.	ശ്രീമതി ജലജ വി. കെ.	എ. ഐ. ടി. എ., എം. ജി. എൻ. ആർ. ഇ. ജി. എസ്.
19.	ശ്രീമതി രമണി സി. എ.	പാർട്ട്ടൈം സ്വീപ്പർ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ

20.	ശ്രീമതി ശ്രീവിദ്യ വി.	വി. ഇ. ഒ. ഗ്രേഡ് 1
21.	ശ്രീ. ജോർജ്ജ് എം. പി.	വി. ഇ. ഒ. ഗ്രേഡ് 1
22.	ശ്രീ. വിജയ് വി. ജി.	വി. ഇ. ഒ. ഗ്രേഡ് 1
23.	ശ്രീ. ശ്രീകാന്ത് ശ്രീധർ	വി. ഇ. ഒ. ഗ്രേഡ് 1
24.	ശ്രീമതി മായ കെ. വി.	വി. ഇ. ഒ. ഗ്രേഡ് 1
25.	ശ്രീ. ഹരീഷ്കുമാർ പി. എച്ച്	വി. ഇ. ഒ. ഗ്രേഡ് 1
26.	ശ്രീ. മോഹൻദാസ് കെ. സി.	വി. ഇ. ഒ. ഗ്രേഡ് 1
27.	ശ്രീമതി നസീന ടി. എ.	വി. ഇ. ഒ. ഗ്രേഡ് 2
28.	ശ്രീ. ഗോപുരാജേന്ദ്രൻ	വി. ഇ. ഒ. ഗ്രേഡ് 2
29.	കുമാരി ശ്രീലക്ഷ്മി സാജി	വി. ഇ. ഒ. ഗ്രേഡ് 2
30.	ശ്രീമതി വിദ്യ വിശ്വനാഥ്	വി. ഇ. ഒ. ഗ്രേഡ് 2
31.	ശ്രീ. ജോമോൻ ജോസ്	വി. ഇ. ഒ. ഗ്രേഡ് 2

സാക്ഷരതാ പ്രേരക്മാർ

1.	ശ്രീമതി ബീന മുരളി	9746412528
2.	ശ്രീമതി ശോഭന പി. കെ.	9446897204

ദേശീയ സമ്പാദ്യപദ്ധതി കൺവീനർ

1.	ശ്രീമതി അജിതകുമാരി എം. ജെ.	9446297838

ഉള്ളടക്കം

അദ്ധ്യായം 1

പൗരാവകാശരേഖയും 2012 ലെ സേവനാവകാശ നിയമവും 10

അദ്ധ്യായം 2

വിവിധ ഓഫീസുകൾ സേവനങ്ങളും നിബന്ധങ്ങളും 11

1. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, മുളന്തുരുത്തി 24
2. LID & EW (LSGD) സബ്ബ് ഡിവിഷൻ ഓഫീസ്, മുളന്തുരുത്തി 25
3. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, മുളന്തുരുത്തി 26
4. ക്ഷീര വികസന ഓഫീസ്, മുളന്തുരുത്തി 30
5. വ്യവസായ വികസന ഓഫീസ്, മുളന്തുരുത്തി 34
6. ശിശു വികസന ഓഫീസ്, മുളന്തുരുത്തി 36
7. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് 39
8. വെറ്റിനറി പോളിക്ലിനിക്, മുളന്തുരുത്തി 41
9. സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ (കീച്ചേരി, മുളന്തുരുത്തി, പുത്തോട്ട) 42

അദ്ധ്യായം 3 44

വിവരാവകാശം നിയമം-2005

അദ്ധ്യായം 4 45

വിലയിരുത്തൽ

അദ്ധ്യായം 5

പരാതി പരിഹാരം 45

അദ്ധ്യായം 6

സംസ്ഥാന ഗവ. സ്ഥാപനങ്ങൾ 46

കേന്ദ്ര ഗവ. സ്ഥാപനങ്ങൾ 46-47

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ 47

ധനകാര്യ സ്ഥാപനങ്ങൾ 48

കൂടുതലറിയാൻ 49

അദ്ധ്യായം 1

പൗരാവകാശരേഖയും 2012 ലെ സേവനാവകാശ നിയമവും

ഒരു സർക്കാർ സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, അവയുടെ വ്യവസ്ഥകൾ, അവ ലഭിക്കുന്ന സമയപരിധി എന്നിവ ജനങ്ങൾക്ക് വെളിപ്പെടുത്തുന്ന നയസമീപന സേവന അവകാശ രേഖയാണ് പൗരാവകാശരേഖ. ഒരു തദ്ദേശ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ഒരു ഭരണസമിതി അധികാരത്തിൽ വന്നാൽ സ്ഥാപനത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ ഉൾപ്പെടുത്തിയ പൗരാവകാശരേഖ തയ്യാറാക്കി മാസത്തിനകം പ്രസിദ്ധപ്പെടുത്തേണ്ടതും, കാലാകാലങ്ങളിൽ പുതുക്കി പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഈ പൗരാവകാശരേഖയെ അടിസ്ഥാനമാക്കി സേവനങ്ങൾ നൽകുവാനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 272 എ(1), (2) എന്നിവ ഇത് സംബന്ധിച്ച വിശദാംശങ്ങൾ പ്രതിപാദിക്കുന്നു. ഏറെക്കുറെ ഈ ലക്ഷ്യത്തോടുകൂടി തന്നെയാണ് 2012ലെ സേവനാവകാശ നിയമവും പുറപ്പെടുവിച്ചിട്ടുള്ളത്. ഓരോ സേവനത്തെ സംബന്ധിച്ചും സേവനം നൽകേണ്ട തീയതി, യഥാസമയം സേവനം ലഭിച്ചില്ലെങ്കിൽ അതിന് അപ്പീൽ നൽകുവാനുള്ള അധികാരസ്ഥാനം എന്നിവ സേവനാവകാശ നിയമപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലഭിക്കുന്ന സേവനം തൃപ്തികരമല്ലെങ്കിലോ അല്ലെങ്കിൽ നിയമപ്രകാരമുള്ള സമയത്തിനകം ലഭിച്ചില്ലെങ്കിലോ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 276 പ്രകാരം ഭരണസമിതി, ട്രൈബ്യൂണൽ മുതലായ അപ്പീൽ സംവിധാനങ്ങളും നിലവിലുള്ളതാണ്. കൂടാതെ, ഏതൊരു പരാതി കേൾക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനും തദ്ദേശസ്ഥാപനങ്ങൾക്കുവേണ്ടി ബഹു.ഹൈക്കോടതി ജഡ്ജിയുടെ പദവിക്ക് തുല്യമായ പദവിയോടു കൂടിയ ഓംബുഡ്സ്മാൻ സംവിധാനവും നിലവിലുണ്ട്.

നിലവിലുള്ള സ്ഥിതിയും പരിഹാരവും

ഒരു പൗരന് നൽകേണ്ട സേവനം കൃത്യസമയത്ത് തന്നെ നൽകുക എന്ന ലക്ഷ്യത്തോടെയാണ് മേൽപ്പറഞ്ഞ നിയമങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. പൊതുജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾക്ക് വേണ്ടി പലപ്രാവശ്യം ഓഫീസുകൾ കയറി ഇറങ്ങേണ്ട സ്ഥിതിവിശേഷം നിലനിൽക്കുന്നു എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. ഇതിന്റെ കാര്യകാരണങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ നിയമങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിൽ ഉദ്യോഗസ്ഥർ യഥാസമയം ഉൾക്കൊള്ളാതിരിക്കുക, നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങളുടെ അറിവില്ലായ്മ എന്നിവയെല്ലാം കാണാൻ കഴിയുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഘടക സ്ഥാപനങ്ങളിൽ നിന്നും സാധാരണ ഗതിയിൽ നൽകുന്ന പ്രധാന സേവനങ്ങൾക്ക് എപ്രകാരം അപേക്ഷ നൽകണമെന്നും ആയതിന്റെ നിബന്ധനകളും ഇതോടൊപ്പം പൊതുജനസമക്ഷം സമർപ്പിക്കുന്നു. അപേക്ഷാഫോറങ്ങൾ / മാതൃകകൾ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും ഘടക സ്ഥാപനങ്ങളിൽ നിന്നും ലഭിക്കും.

അദ്ധ്യായം 2

വിവിധ ഓഫീസുകൾ സേവനങ്ങളും നിബന്ധങ്ങളും

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, മുളന്തുരുത്തി

പെരുമ്പിള്ളി പി.ഒ., മുളന്തുരുത്തി-682314, ഫോൺ: 0484 2740303
e-mail: mtybdo@gmail.com

സെക്ഷനുകളും ചുമതലകളും

ക്രമനമ്പർ	തസ്തികയുടെ പേര്	തസ്തികയുടെ തൊഴിൽപരമായ വിവരം
1	ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ / ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	ഓഫീസ് മേധാവി എന്ന നിലയിൽ ഓഫീസിലെ എല്ലാ പ്രവർത്തനങ്ങളുടെയും പൂർണ്ണ ചുമതല വഹിക്കുന്നു. വിവരാവകാശ നിയമം 2005 ന്റെ അപ്പീൽ അധികാരിയുടെ ചുമതല വഹിക്കുന്നു.
2	ജോയിന്റ് ബി.ഡി.ഒ. (ഇ.ജി.എസ്.)	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ ബി.ഡി.ഒ. യെ സഹായിക്കുന്നു.
3	എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിങ്)	ഭവനനിർമ്മാണ പദ്ധതികളുടെ ചുമതല വഹിക്കുന്നു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല വഹിക്കുന്നു.
4	എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം)	മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP), PMKSY/IWMP പദ്ധതി പ്രവർത്തനങ്ങളുടെ ചുമതല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല. സ്വയം സഹായ സംഘങ്ങളുടെ മേൽനോട്ടം. ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ ചുമതല. MGNREGS ഡോക്യുമെന്റേഷൻ ചുമതല എന്നിവ വഹിക്കുന്നു.
5	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	ബ്ലോക്ക് പഞ്ചായത്തിന്റെ അസിസ്റ്റന്റ് പ്ലാൻ കോ-ഓർഡിനേറ്റർ, ദേശീയ സസ്യാഹാര പദ്ധതി പ്രവർത്തനങ്ങൾ, കേരളോത്സവം, സാക്ഷരതാ പദ്ധതി, ശുചിത്വ മിഷൻ, എം.ആർ.എഫ്. സെന്റർ പ്രവർത്തനങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് വാഹനങ്ങൾ, ആസ്തികളുടെ സൂക്ഷിപ്പ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി എന്നീ ചുമതലകൾ വഹിക്കുന്നു.
6	എക്സ്റ്റൻഷൻ ഓഫീസർ (പി. & എം.)	ബ്ലോക്ക് മുഖേനയുള്ള പദ്ധതികളുടെ പ്ലാനിംഗും മോണിറ്ററിംഗും, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യോഗങ്ങളുടെ ചുമതല, സകർമ്മയിൽ മിനിറ്റ്സ് തയ്യാറാക്കൽ, സ്ഥിതി വിവരകണക്കുകൾ തയ്യാറാക്കൽ, മുൻകൂർ യാത്ര പരിപാടി, പ്രവർത്തനഡയറി എന്നിവയുടെ ചാർജ്ജ്, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുടേയും ചാർജ്ജ് എന്നീ ചുമതലകൾ വഹിക്കുന്നു.

7	ഹെഡ് ക്ലർക്ക്:	1. ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ ഭരണപരമായ കാര്യങ്ങളിലും സെക്രട്ടറിയെ സഹായിക്കുക. 2. ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ സെക്ഷനുകളുടെയും മേൽനോട്ടം. 3. ഹാജർ, കാഷ്വൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവയുടെ പരിപാലനം, ജീവനക്കാരുടെ സേവന വേതന പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ സമയബന്ധിതമായി നടത്തുന്നുവെന്ന് ഉറപ്പാക്കൽ. 4. ഡിപ്പാർട്ട്മെന്റ് ഫണ്ടുകളുടെ ചെലവുകളുടെ മേൽനോട്ടവും റിക്കൺസിലിയേഷൻ മേൽനോട്ടവും. 5. കാഷ് ബുക്കിന്റെ ചുമതല 6. ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനങ്ങളുടെ ചുമതല 7. വിവരാവകാശനിയമം 2005 സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. 8 സി.എം പോർട്ടലിലെ പരാതികളുടെ മറുപടി തയ്യാറാക്കുന്നതിന്റെ മേൽനോട്ടം. 9 സേവനാവകാശ നിയമപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ മേൽനോട്ടം. 10. വിവിധ സ്കീമുകളുടെ വർക്ക് ഫയലുകളുടെ പരിശോധന 11. ടി.ആർ.5, സാധ്യ രസീത് എന്നിവ പ്രകാരം പണം സ്വീകരിക്കുകയും ഓഫീസിൽ ലഭിക്കുന്ന ചെക്ക്, ഡ്രാഫ്റ്റ് എന്നിവ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കൽ, തുടർ നടപടികൾ സ്വീകരിക്കൽ മുതലായവ 12. ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് (ബി.ഡി.ഒ. & സെക്രട്ടറി) എന്നിവയുടെ പരാമർശ റിപ്പോർട്ടുകൾക്ക് മറുപടി തയ്യാറാക്കി നൽകുന്നതിന്റെ മേൽനോട്ട ചുമതല.
8	ഹെഡ് അക്കൗണ്ടന്റ്:	1. ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ അക്കൗണ്ടുകളും ഫണ്ടുകളും കൈകാര്യം ചെയ്യുന്ന ചുമതല കൂടാതെ, എല്ലാ വരവുകളും ചെലവുകളും രേഖപ്പെടുത്തി പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കുന്ന ചുമതല. 2. ബ്ലോക്ക് പഞ്ചായത്ത് ക്യാഷ് ബുക്ക്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ തയ്യാറാക്കൽ. 3. ഓഫീസ് സെക്ഷനിൽ നിന്നും പെയ്മെന്റ് ഓർഡർ ലഭിക്കുന്ന ബിൽ തയ്യാറാക്കി പെയ്മെന്റ് നടത്തുക. 4. ബാങ്ക് /ട്രഷറി പാസ് ബുക്കുകൾ സൂക്ഷിക്കുകയും റിക്കൺസിലിയേഷൻ നടത്തുകയും ചെയ്യുക. 5. പദ്ധതി രൂപീകരണത്തിനാവശ്യമായ കണക്കുകൾ നൽകുക, സുലേഖ, സാംഖ്യ തുടങ്ങിയ സോഫ്റ്റ് വെയറുകൾ അപ്റ്റുഡേറ്റ് ചെയ്യുക. 6. വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് വാർഷിക ബഡ്ജറ്റ്, വാർഷിക റിപ്പോർട്ട് എന്നിവ യഥാസമയം തയ്യാറാക്കി സമർപ്പിക്കുക.

		7. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ പദ്ധതികളുടെയും കണക്കുകൾ സമർപ്പിക്കുക, മിനിറ്റ്സ് തയ്യാറാക്കുക. 8. പ്രൊഫഷ ണൽ ടാക്സ്, പ്രൊഫഷണൽ ടാക്സ്, സ്റ്റേറ്റ്മെന്റ് / റിട്ടേൺ തയ്യാറാക്കി സമർപ്പിക്കൽ. 9. സാംബ മൂവേനനിർവ്വഹണ ഉദ്യോഗസ്ഥരുടെ അലോട്ടുമെന്റുകൾ തയ്യാറാക്കുക. 10. ധനകാര്യ കമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട് ഇ-ഗ്രന്ഥ സ്വരാജ് പോർട്ടലിലെ അക്കൗണ്ടിംഗ് ചുമതല.
9	എ സെക്ഷൻ:	1. ജീവനക്കാരുടെ സേവനവേതനവുമായി ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിന്റെ ചുമതല. 2. വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി (NC Flood) 3. ദേശീയ സമ്പാദ്യ പദ്ധതിയുടെ ചുമതല.
10	ബി സെക്ഷൻ:	1. ഐ.എ.വൈ. / പി.എം.എ.വൈ (ജി) ഭവനപദ്ധതികളുടെ ചുമതല. 2. സേവനാവകാശ നിയമപ്രകാരമുള്ള ഫയലുകളുടെ ചുമതല 3. എം.എൽ.എ. – എസ്.ഡി.എഫ്.ന്റെ ചുമതല 4. സ്റ്റേഷനറി (ബ്ലോക്ക് പഞ്ചായത്ത് & ആർ.ഡി.), ഗവ.പ്രസ്സ് (ഫോംസ്) എന്നിവയുടെ ചുമതല. 5. ശുചിത്വമിഷനുമായി ബന്ധപ്പെട്ട ചുമതലകൾ 6. വിവിധ സർട്ടിഫിക്കറ്റുകളുടെ വിതരണ ചുമതല
11	സി സെക്ഷൻ:	1. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസുമായി ബന്ധപ്പെട്ട അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിന്റെ ചുമതല. 2. ജനറൽ പർപ്പസ് ഫണ്ടിന്റെ ചുമതല. 3. ലോക്കൽഫണ്ട് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് (സെക്രട്ടറി) എന്നിവയുടെ ചുമതല. 4. MPLADS സ്കീമുകളുടെ ചുമതല. 5. പെർഫോമൻസ് ഓഡിറ്റിന്റെ ചുമതല. 6. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നടപ്പാക്കൽ
12	ഡി സെക്ഷൻ:	1. ഇലക്ഷൻ ചുമതല 2. ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ചുമതല. 3. നബാർഡ് (RIDF) സ്കീമിന്റെ ചുമതല 4. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് ഗ്രാമീണ പദ്ധതിയുമായി ബന്ധപ്പെട്ട ചുമതല. 5. സാമൂഹ്യ ജീവി സെൻസസ്, സാക്ഷരത എന്നിവയുടെ ചുമതല. 6. IWMP സ്കീമുകളുടെ ചുമതല 7. കേരളോത്സവം, രാജീവ്ഗാന്ധി ഖേൽ അഭിയാൻ എന്നിവയുടെ ചുമതല.

13	ടൈപ്പിസ്റ്റ്:	1. എല്ലാ ടൈപ്പിംഗ് ജോലികളുടെയും ചുമതല 2. Distribution, Despatch എന്നിവയുടെ ചുമതല 3. റിക്കാർഡ് റൂമിന്റെ ചുമതല
14	**MGNREGS സെക്ഷൻ:**	1. പഞ്ചായത്തുകളിൽ നിന്നും തയ്യാറാക്കി അയയ്ക്കുന്ന എസ്റ്റിമേറ്റുകളുടെ സൂക്ഷ്മ പരിശോധന. 2. പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിലുള്ള ജിയോ ടാഗിംഗ് അപ്രൂവൽ 3. മസ്റ്റർ റോൾ വിതരണം. 4. പരിശീലനങ്ങൾ സംഘടിപ്പിക്കൽ 5. പഞ്ചായത്തുതല പ്രവർത്തികളുടെ ഏകോപനവും വിലയിരുത്തലും 6. പ്രവൃത്തികളുടെ പ്രതിമാസ പുരോഗതി റിപ്പോർട്ടുകളുടെ ക്രോഡീകരണം 7. പ്രവൃത്തികളുടെ ഡോക്യുമെന്റേഷൻ 8. സോഷ്യൽ ഓഡിറ്റ് പരാമർശങ്ങളുടെ തീർപ്പാക്കൽ 9. ആക്ഷൻ പ്ലാൻ ലേബർ ബഡ്ജറ്റ് എന്നിവയുടെ പരിശോധനയും തുടർനടപടികളും.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വഴി നടപ്പാക്കുന്ന പദ്ധതികൾ

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി (MAHATMA GANDHI NREGS)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള, പ്രായപൂർത്തിയായ അംഗങ്ങളുള്ള, ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതിയും സാമൂഹ്യ സമത്വവും ഉറപ്പാക്കുക. പ്രാദേശികമായ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുക, സ്ത്രീ-പുരുഷ അസമത്വം കുറയ്ക്കുക, തുല്യജോലിയ്ക്ക് തുല്യവേതനം, നഗരത്തിലേക്കുള്ള കുടിയേറ്റം തടയുക, മണ്ണ്-ജലം, ജൈവ സമ്പത്ത്, പരിസ്ഥിതി എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുക. ദരിദ്രജനവിഭാഗങ്ങളുടെ ആവാസ കേന്ദ്രങ്ങളുടെ പാരിസ്ഥിതികശോഷണം തടയുക, തൊഴിലെടുക്കുന്നവരിൽ സംഘബോധവും സാമൂഹികബോധവും വളർത്തി കൂട്ടായ്മ ഉറപ്പുവരുത്തുക. ഇടത്തട്ടുകാരുടേയും കരാറുകാരുടേയും ചൂഷണത്തിൽ നിന്ന് തൊഴിലെടുക്കുന്നവരെ സംരക്ഷിക്കുക തുടങ്ങിയവയും തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സ്ഥായിയായ ദാരിദ്ര്യ ലഘൂകരണത്തിനുള്ള ഈ സാധ്യതകളാണ് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ മുൻകാല തൊഴിൽദാനപദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

സവിശേഷതകൾ

"സ്ഥായിയായതും ഉൽപ്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കൽ" മിനിമം കൂലി ഉറപ്പു നൽകുന്നു. 'വേതനം ബാങ്ക് അക്കൗണ്ട് മുഖേനമാത്രം' പ്രവൃത്തിയുടെ ആകെച്ചിലവിൽ വേതനഘടകം

60%ൽ കുറയാൻ പാടില്ല. സാധനസാമഗ്രികളും വിദഗ്ധ-അർദ്ധ വിദഗ്ദ തൊഴിലാളികളുടെ കൂലിയും അടക്കം 40 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. കരാറുകാർ പാടില്ല. യന്ത്രങ്ങൾ ഉപയോഗിക്കുന്നതിലുള്ള നിയന്ത്രണം. പദ്ധതി ആസൂത്രണത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് മുഖ്യപങ്ക്. നിർവ്വഹണം പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾ മുഖേന. യഥാസമയം കൂലി ലഭ്യമാക്കുന്നതിനായി ഇ.എഫ്.എം.എസ്. സംവിധാനം. സേഷ്യൽ ഓഡിറ്റ് പദ്ധതി നിർവ്വഹണവും ഗുണനിലവാരവും പരിശോധിക്കുന്നതിന് ജില്ലാ-സംസ്ഥാനതല ക്വാളിറ്റി മോണിട്ടർമാർ.

വ്യവസ്ഥകളും അവകാശങ്ങളും

അവിദഗ്ധ കായികാദ്ധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസക്കാരായിരിക്കണം. 18 വയസ്സ് പൂർത്തിയായിരിക്കണം (ഉയർന്ന പ്രായപരിധിയോ, എ.പി.എൽ./ബി.പി.എൽ. വിവേചനമോ ഇല്ല.). ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷൻ അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും. കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം. ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിതനിരക്കിൽ തൊഴിലില്ലായ്മ വേതനം. തൊഴിൽ നൽകിക്കൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം. മസ്റ്റർറോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി. കാലതാമസം ഉണ്ടാകുന്ന ഓരോ ദിവസത്തിനും നൽകാത്ത വേതനത്തിന്റെ 0.05% നിരക്കിൽ നഷ്ടപരിഹാരം. വനാവകാശ നിയമ പ്രകാരം ഭൂമി ലഭിച്ചവർക്ക് 150 ദിവസത്തെ തൊഴിൽ. കുടുംബത്തിന് പരമാവധി 100 ദിവസം തൊഴിൽ. 5 കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10% അധികം കൂലി. കുടിക്കാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമ ശുശ്രൂഷ സൗകര്യം എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം. പരിക്ക് പറ്റിയാൽ സൗജന്യ ചികിത്സ. അപകടമരണം/സ്ഥിര അംഗവൈകല്യത്തിന് നഷ്ടപരിഹാരം. തൊഴിലാളികളുടെ 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിപാലനസൗകര്യം. (കുറഞ്ഞത് 5 പേർ). കൂട്ടിക്ക് തൊഴിൽ സ്ഥലത്തുവച്ച് അപകടം പറ്റിയാൽ സൗജന്യ ചികിത്സ. അപകടമരണത്തിന് എക്സ്ഗ്രേഷ്യാ.

ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ മുൻഗണനാക്രമം

പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ

1) ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ. 2) നീർത്തട പരിപാലന പ്രവൃത്തികൾ. 3) സൂക്ഷ്മ-ചെറുകിട ജലസേചനപ്രവൃത്തികൾ. 4) പരമ്പരാഗത ജലശ്രോതസ്സുകളുടെ പുനരുദ്ധാരണം. 5) മരം വച്ച് പിടിപ്പിക്കലും വനവത്കരണവും. 6) പൊതുഭൂമിയിലെ വികസനപ്രവൃത്തികൾ.

സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ

1) ഭൂമിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കൽ. 2) പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ഉപജീവനം മെച്ചപ്പെടുത്തൽ. 3) തരിശ് ഭൂമി/പാഴ് ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ. 4) കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ഏറ്റെടുക്കുന്ന ഭവനനിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകം. 5) മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ. 6) മത്സ്യ ബന്ധനപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തികൾ. 7) സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായുള്ള തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട്, പന്നിക്കൂട്, ഫാംപോണ്ട്, മീറ്റപ്പുൽകൃഷി, അസോള ടാങ്ക് എന്നിവയുടെ നിർമ്മാണം. 8) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായുള്ള കമ്പോസ്റ്റ് പിറ്റ്, സോക്പിറ്റ്, മിനി എം.സി.എഫ് എന്നിവയുടെ നിർമ്മാണം.

സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാനസൗകര്യങ്ങൾ

1) കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ. 2) സ്വയംസഹായ സംഘങ്ങളുടെ ഉപജീവനപ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക്ഷെഡുകളുടെ നിർമ്മാണം.

ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങൾ

1) ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തികൾ. 2) ഗ്രാമീണ റോഡുകളുടെ നിർമ്മാണം. 3) കളി സ്ഥലങ്ങളുടെ നിർമ്മാണം. 4) പൊതു അടിസ്ഥാനസൗകര്യങ്ങൾ, റോഡുകളുടെ പുനരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ. 5) അങ്കണവാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചിന്തകൾ എന്നിവയ്ക്ക് ആവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണം. 6) ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണം. 7) MGNREGS പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം. 8) MGNREGS പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികൾ. 9) സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവർത്തിയും തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക 9 ലെ വ്യവസ്ഥകനുസരിച്ചുള്ള പ്രദേശത്തിന്റെ സാധ്യത, പ്രദേശത്തിന്റെ ആവശ്യകത, പ്രാദേശിക വിഭവങ്ങളുടെ ലഭ്യത എന്നിവയ്ക്കനുസൃതമായി ഗ്രാമസഭ തീരുമാനിക്കുന്ന മുൻഗണനാക്രമമനുസരിച്ചുമായിരിക്കണം പ്രവർത്തി നിശ്ചയിക്കേണ്ടത്. പ്രകടമല്ലാത്തതും അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവർത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവർത്തികൾ മുതലായ ആവർത്തനസ്വഭാവമുള്ള പ്രവർത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

കേരള ട്രൈബൽ പ്ലസ്

കേരളത്തിലെ ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും കേന്ദ്ര നിയമപ്രകാരം ഉറപ്പു വരുത്തിയിട്ടുള്ള 100 ദിവസത്തെ തൊഴിലിനു പുറമേ അധികമായി 100 ദിവസത്തെ തൊഴിൽ കൂടി നൽകുന്നതിന് സംസ്ഥാനസർക്കാർ കേരള ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി പട്ടിക വർഗ്ഗ വികസന വകുപ്പ് 2018-19 സാമ്പത്തിക വർഷം 12.40 കോടി രൂപ നീക്കി വയ്ക്കുകയുണ്ടായി. 2019-20 ൽ കേരള ട്രൈബൽ പ്ലസ് പദ്ധതിക്കായി 37.53 കോടി രൂപ സംസ്ഥാനസർക്കാർ നീക്കി വച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കൂലി ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിനായി അട്ടപ്പാടി മണ്ണാക്കിലും വയനാട് ജില്ലയിലും മുൻകൂർ കൂലി വിതരണം കുടുംബശ്രീ വഴി നടപ്പിലാക്കി വരുന്നു. 2018-19-ൽ 120 ലക്ഷം രൂപ മുൻകൂർ കൂലിയിനത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുകയുണ്ടായി.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്ന പ്രവർത്തികൾ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലൂടെ നടത്തണമെന്ന് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ലെ വ്യവസ്ഥകൾ അനുശാസിക്കുന്നു. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ആഡിറ്റ് ചട്ടങ്ങൾ 2011, ഖണ്ഡിക 4 ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വർഷത്തിൽ രണ്ടുപ്രാവശ്യം സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിനായി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി (MGNSASK) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് ഗ്രാമസഭകളെ സജ്ജമാക്കുകയാണ് സൊസൈറ്റിയുടെ മുഖ്യലക്ഷ്യം. ഇതിനായി സോഷ്യൽ ഓഡിറ്റ്

ഫെസലിറ്റേറ്റർമാരെ പരിശീലിപ്പിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവി ച്ചിട്ടുള്ള ഓഡിറ്റിംഗ് മാനദണ്ഡങ്ങൾ പ്രകാരം സോഷ്യൽ ഓഡിറ്റ് പ്രക്രിയ സുഗമമാക്കുക എന്നതാണ് സൊസൈറ്റിയുടെ പ്രധാനചുമതല.

2. പ്രധാനമന്ത്രി ആവാസ് യോജന(ഗ്രാമീൺ)

2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ 2016 ഏപ്രിൽ 1 മുതൽ പ്രധാനമന്ത്രി ആവാസ് യോജന(ഗ്രാമീൺ) എന്ന പദ്ധതി നടപ്പിലാക്കുന്നു. ഒരു വീടിന് 1,20,000 രൂപ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായമായി നൽകുന്നു. സംസ്ഥാന സർക്കാർ പി.എം.എ.വൈ. (ജി) ഭവനപദ്ധതിയിലെ ധനസഹായം പൊതു വിഭാഗത്തിനും, പട്ടികജാതി വിഭാഗത്തിനും 4 ലക്ഷം രൂപ വീതവും പട്ടികവർഗ്ഗ വിഭാഗത്തിന് 6 ലക്ഷം രൂപയുമായി വർദ്ധിപ്പിച്ച് നൽകുന്നുണ്ട്. 1,20,000 രൂപ കഴിഞ്ഞുള്ള തുക ത്രിതല പഞ്ചായത്തുകളും പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകളും ചേർന്ന് നൽകുന്നു.

ഓരോ വീടിനുമുള്ള ധനസഹായത്തിന് പുറമെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി യിലൂടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഗുണഭോക്താക്കൾക്ക് നൽകുന്നു. ഗുണ ഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000 രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടു ക്കുന്നതിനും സഹായം നൽകുന്നു. കേന്ദ്ര-സംസ്ഥാനസർക്കാരുകൾ വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കുന്ന അടിസ്ഥാനസൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവ്യ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ എന്നിവ സംയോജനസാധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. മൂന്ന് ഗഡുക്കളായി 1,20,000 രൂപ പി.എഫ്.എം.എസ്. മുഖേനഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു. പി.എം.എ.വൈ (ജി) ഭവനപദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിലെ അർഹരായവരെയാണ്. പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ കുറഞ്ഞ തറ വിസ്തീർണ്ണം 38 മീറ്റർ സ്കയറാണ് (ഇപ്പോൾ ലൈഫ് മിഷന്റെ ഭാഗമായി 400 ചതുരശ്ര അടി)

കേരളത്തിൽ ഇപ്പോൾ ലൈഫ് ഭവനപദ്ധതിയിലുൾപ്പെടുത്തി പൊതുവിഭാഗം, പട്ടികജാതി വിഭാഗം എന്നിവർക്ക് 4,00,000 രൂപയും സങ്കേതങ്ങളിൽ കഴിയുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 6,00,000 രൂപയും നൽകുന്നു. ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കുന്ന ലൈഫ് ഭവനപദ്ധതിക്ക് വിഹിതം നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയുടെ 20% തുക നീക്കി വയ്ക്കുന്നുണ്ട്.

3. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

ഗ്രാമപ്രദേശങ്ങളിൽ ശുചിത്വമിഷൻ മുഖേനനടപ്പിലാക്കി വരുന്ന നിർമ്മാൺ ഭാരത് അഭിയാൻ പദ്ധതി പുനഃസംഘടിപ്പിച്ചുകൊണ്ട് 2014 ഒക്ടോബർ മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി എല്ലാ കുടുംബങ്ങളിലും ശുചിമുറികൾ ഉറപ്പാക്കു കയും പിന്നോക്ക കുടുംബങ്ങൾക്ക് 15400 രൂപ വീതം ധനസഹായം നൽകി ജനപങ്കാളിത്തത്തോടെ ശുചിമുറികൾ നിർമ്മിച്ചു നൽകുകയും ചെയ്തു. ഇതിലൂടെ നമ്മുടെ സ്ഥാനം വെളിയിട വിസർജ്ജന വിമുക്തമായി (ODF) പ്രഖ്യാപിച്ചു.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടത്തിന് 01.04.2020-ൽ തുടക്കം കുറിച്ചു. ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്. ഒ.ഡി.എഫ്.സ്റ്റാറ്റസ് നിലനിർത്തുക, ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുക, കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകൾ നിർമ്മിക്കുക, വിവിധ കമ്പോസ്റ്റിംഗ് ബയോമെത്തനേഷൻ രീതികൾ പ്രോത്സാഹിപ്പിക്കുക, അജൈവ മാലിന്യ പരിപാലനത്തിനായി മെറ്റീ രിയൽ കളക്ഷൻ ഫെസിലിറ്റികൾ സ്ഥാപിക്കുക, കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ (ഗോബർധൻ)

സ്ഥാപിക്കുക, വിവര വിജ്ഞാനവ്യാപനശേഷി വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുക, വിവിധ കേന്ദ്ര-സംസ്ഥാനപദ്ധതികളുമായി സംയോജിപ്പിക്കുക. ഈ പദ്ധതിപ്രകാരം ഖര-ദ്രവ്യ മാലിന്യ പദ്ധതികൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും ആകെ ചെലവിന്റെ 30% തുക വകയിരുത്തിയിട്ടുണ്ട്.

4 കേരളോത്സവം

യുവജനങ്ങളുടെ കലാപരവും സാംസ്കാരികവും കായികവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക, അവരിൽ സാഹോദര്യവും സഹകരണബോധവും സഹവർത്തിത്വവും വളർത്തുക, ഒരു പൊതുസംഗമ വേദിയിൽ ഒരുമിച്ചു കൂടുന്നതിന് അവസരമൊരുക്കുക, തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ കേരളോത്സവം സംഘടിപ്പിച്ചു പോരുന്നത്. സംസ്ഥാനയുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ വകുപ്പുകളുടേയും സഹകരണത്തോടെയാണ് കേരളോത്സവം നടത്തുന്നത്.

കേരളോത്സവം, കേരളീയ യുവതയുടെ ഏറ്റവും വലിയ കലാ-കായിക-സാംസ്കാരിക സംഗമ വേദി എന്ന നിലയിൽ ജനശ്രദ്ധ നേടിക്കഴിഞ്ഞു. കലാമത്സരങ്ങൾ, സാംസ്കാരിക മത്സരങ്ങൾ, കായിക മത്സരങ്ങൾ, ഗെയിംസ്, കളരിപ്പയറ്റ്, അമ്പെയ്ത്ത്, കാർഷിക മത്സരങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഇനങ്ങൾ ഒരേ വേദിയിൽ ഉൾപ്പെടുന്നു എന്നതാണ് കേരളോത്സവത്തിന്റെ സവിശേഷത.

ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തുന്ന പ്രാഥമിക മത്സരങ്ങളിലെ വിജയികൾക്ക് ബ്ലോക്ക് തലത്തിലും, ബ്ലോക്ക് തലത്തിലെ വിജയികൾക്ക് ജില്ലാതലത്തിലും, ജില്ലാതല വിജയികൾക്ക് സംസ്ഥാനതലത്തിലും മത്സരിക്കുന്നതിന് അവസരമുണ്ട്. സംസ്ഥാനതലത്തിൽ വിജയികളാവുന്നവർക്ക് ദേശീയ യുവജനോത്സവ മത്സര ഇനങ്ങളിലും പങ്കെടുക്കുവാൻ സാധിക്കും.

ഓരോ തലത്തിലും മത്സരവിജയികൾക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും നൽകി വരുന്നുണ്ട്. മത്സരാർത്ഥികൾക്ക് ക്ലബ്ബുകളുടെ പേരിലും വ്യക്തിപരമായും മത്സരിക്കുന്നതിന് അവസരമുണ്ട്. യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കലാ-കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് ക്ലബ്ബുകൾക്ക് വിവിധതലങ്ങളിലായി ക്യാഷ് അവാർഡും നൽകുന്നു.

5 സാക്ഷരതാ പ്രവർത്തനം

1. നാലാംതരം തുല്യത
2. ഏഴാംതരം തുല്യത
3. പത്താംതരം തുല്യത
4. ഹയർ സെക്കന്ററി തുല്യത

നാലാംതരം തുല്യത

പതിനഞ്ച് വയസ്സ് പൂർത്തിയായ മാതൃഭാഷ എഴുതാനും വായിക്കാനും അത്യാവശ്യത്തിന് ഗണിതവും അറിയാവുന്ന ഏതൊരാൾക്കും നാലാംതരം തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഏഴാംതരം തുല്യത

നാലാം ക്ലാസ്സോ, നാലാംതരം തുല്യത പരീക്ഷയോ പാസായിട്ടുള്ള ഏതൊരാൾക്കും ഏഴാംതരം തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

പത്താംതരം തുല്യത

ഏഴാം തരം തുല്യതയോ ഏഴാം ക്ലാസ്സോ ജയിച്ചിട്ടുള്ള 17 വയസ്സ് പൂർത്തിയാക്കിയ ഏതൊരാൾക്കും പത്താംതരം തുല്യതാ പരീക്ഷ എഴുതാവുന്നതാണ്. പത്താംക്ലാസ്സ് പഴയ സ്കീമിൽ തോറ്റവർക്കും പത്താംതരം തുല്യത പരീക്ഷ എഴുതാവുന്നതാണ്.

പത്താംതരം തുല്യത പരീക്ഷ പാസായ ഏതൊരാൾക്കും പ്ലസ് വൺ പരീക്ഷയ്ക്ക് ചേരാവുന്നതാണ്. പി.എസ്.സി. നിയമനങ്ങൾക്കും പ്രമോഷൻ നേടുന്നതിനും പത്താംതരം തുല്യത സർട്ടിഫിക്കറ്റ് മതിയാവുന്നതാണ്. പത്താംതരം തുല്യത പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതും പൊതു വിദ്യാഭ്യാസ വകുപ്പാണ്. സാക്ഷരതാ മിഷൻ കോഴ്സ് നടത്തുന്നതിനുള്ള ഏജൻസി മാത്രമാണ്.

ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ആണ് ബ്ലോക്ക് തല കോർഡിനേറ്റർ, ജനറൽ എക്സ്റ്റൻഷൻ ആഫീസർ പദ്ധതി നടത്തിപ്പിന് ബി.ഡി.ഒ. യെ സഹായിക്കുന്നു.

തുടർവിദ്യാഭ്യാസ പരിപാടി

ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റ് ചെയർമാനായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് സാക്ഷരതാ മിഷനാണ് ബ്ലോക്ക് തലത്തിലുള്ള തുടർവിദ്യാഭ്യാസ പരിപാടിക്ക് നേതൃത്വം നൽകുന്നത്.

കേരളം 1991 ഏപ്രിൽ 18 ന് സമ്പൂർണ്ണ സാക്ഷരത പ്രഖ്യാപിച്ചു. സാക്ഷരതാനന്തര പരിപാടിയിലെ അപാകത പരിഹരിക്കാനും നവസാക്ഷരർക്ക് ശരിയായ ദിശാബോധം നൽകുവാനും ദുർബല ജനവിഭാഗത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ടാണ് തുടർ വിദ്യാഭ്യാസ പരിപാടി ആരംഭിച്ചിട്ടുള്ളത്.

പ്രധാന പ്രവർത്തനങ്ങൾ

1. സാക്ഷരതാ ക്ലാസ്സുകൾ
2. തുല്യത പരിപാടി
3. വരുമാനവർദ്ധക പരിപാടി
4. ജീവിത ഗുണമേന്മ വർദ്ധക പരിപാടി
5. വ്യക്തിത്വ താല്പര്യ പരിപാടി

തുടർ വിദ്യാഭ്യാസം ആർക്കെല്ലാം

1. നവസാക്ഷരർ
2. സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയവർ
3. അനൗപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കിയവർ
4. പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് വിദ്യാഭ്യാസം തുടരാനാകാത്തവർ
5. ആജീവനാന്ത വിദ്യാഭ്യാസത്തിന് താൽപര്യമുള്ള സമൂഹത്തിലെ മറ്റുള്ളവർ

തുല്യത പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനാഗ്രഹിക്കുന്നവർ അതതു പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന തുടർവിദ്യാകേന്ദ്രങ്ങളുമായോ ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന സാക്ഷരതാ മിഷൻ വികസന വിദ്യാകേന്ദ്രമായോ ബന്ധപ്പെടേണ്ടതാണ്.

രജിസ്ട്രേഷനുകൾ എല്ലാ വർഷവും ജൂൺ, ജൂലൈ മാസങ്ങളിലാണ് ആരംഭിക്കുന്നത്. പട്ടികജാതി/വർഗ്ഗത്തിൽ പെട്ടവർക്ക് പരീക്ഷ ഫീസ് നൽകേണ്ടതില്ല. അല്ലാത്തവർക്ക് പത്താംതരത്തിന് ഫീസ് അടയ്ക്കണം.

തൊഴിൽ പരിശീലനങ്ങൾ

നവസാക്ഷരർക്കും തുല്യത പഠിതാക്കൾക്കും പുറമേ സ്വയം തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും തുടർ/വികസന വിദ്യാകേന്ദ്രങ്ങൾ വഴി തൊഴിൽ പരിശീലനങ്ങൾ നൽകുന്നു.

കുടനിർമ്മാണം, സോപ്പ്, സോപ്പുപൊടി, പേപ്പർ ബാഗ്, ബുക്ക് ബൈൻഡിംഗ്, അച്ചാർ, ജാം, സ്ക്വാഷ്, പപ്പടം, ചവിട്ടി നിർമ്മാണം, തയ്യൽ, ബ്യൂട്ടിഷൻ പരിശീലനം, ഡി.റ്റി.പി. തുടങ്ങിയ 20-തരം തൊഴിൽ പരിശീലനങ്ങൾ വിദ്യാകേന്ദ്രങ്ങൾ വഴി ലഭ്യമാണ്.

6 മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP)

കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട പ്രതിഫലവും ഉറപ്പു വരുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ദേശീയ ഗ്രാമീണ ഉപജീവനദൗത്യത്തിന്റെ ഭാഗമായി മഹിളാ കിസാൻ ശാക്തീകരണ പരിയോജനഎന്ന പേരിൽ ഒരു പുതിയ പദ്ധതി 2011-ൽ ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ലേബർ ബാങ്കുമാണ് ഈ പദ്ധതിയുടെ അടിസ്ഥാനഘടങ്ങൾ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ 2 വർഷങ്ങളിലായി 40 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള 18 നും 50 നും വയസ്സിനിടയിൽ പ്രായമുള്ള സ്ത്രീ തൊഴിലാളികളെയാണ് തെരഞ്ഞെടുക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി ചെയ്യുന്ന അവിദഗ്ധരായ തൊഴിലാളികളെ പഞ്ചായത്തടിസ്ഥാനത്തിൽ ലേബർ ബാങ്കുകളായി രൂപീകരിച്ച് അവർക്ക് കൃഷിയിലും മറ്റ് അനുബന്ധ മേഖലയിലും ആധുനിക കാർഷിക ഉപകരണങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും വിദഗ്ധ പരിശീലനം നൽകി കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട വരുമാനവും ഉണ്ടാക്കിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രവർത്തനരീതി.

നെൽകൃഷി, പച്ചക്കറി കൃഷി, തെങ്ങ് കയറ്റം എന്നീ മേഖലയിലാണ് ഈ പദ്ധതിയിൽ പരിശീലനവും മറ്റ് സഹായങ്ങളും നൽകുന്നത്. പരിശീലനത്തോടൊപ്പം തന്നെ അവർക്കാവശ്യമായ ആധുനിക കാർഷിക യന്ത്രസാമഗ്രികളും തെങ്ങ് കയറ്റ യന്ത്രങ്ങളും ഈ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തുതല ലേബർ ഗ്രൂപ്പുകൾക്ക് സൗജന്യമായി നൽകുന്നു. ഓരോ ജില്ലയിലും അഗ്രോ ക്ലൈമറ്റിക് സോൺ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ഫെഡറേഷനുകൾക്കാണ് ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പ്രധാനചുമതല. ഗ്രാമപഞ്ചായത്ത് ലേബർ ബാങ്ക് പ്രസിഡന്റുമാർ ചേരുന്നതാണ് ഫെഡറേഷന്റെ ജനറൽ ബോഡി.

7 ദേശീയ സമ്പാദ്യ പദ്ധതി

മുളന്തുരുത്തി ബ്ലോക്കിൽ ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാർ ജനറൽ എക്സ്റ്റൻഷൻ ആഫീസറുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. എല്ലാ ജനവിഭാഗങ്ങൾക്കും അനുയോജ്യമായ അത്യാകർഷങ്ങളായ നിക്ഷേപ പദ്ധതികൾ ദേശീയ സമ്പാദ്യപദ്ധതിയിലുണ്ട്. ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾ പരിപൂർണ്ണ സുരക്ഷിതത്വവും ആദായകരവുമാണ്. ഇൻഷ്വറൻസ് സംരക്ഷണം, ആദായ നികുതിയിലും സ്വത്തുനികുതിയിലും മറ്റും ലഭിക്കുന്ന ഇളവുകൾ, അംഗീകൃത ഏജന്റുമാരുടെ സൗജന്യ സേവനം എന്നിവയെല്ലാം ഈ സമ്പാദ്യപദ്ധതികളുടെ സവിശേഷതകളാണ്.

റെക്കറിംഗ് ഡിപ്പോസിറ്റ്

ചെറുകിട വരുമാനക്കാർക്ക് ഏറ്റവും അനുയോജ്യമായ നിക്ഷേപ പദ്ധതിയാണ് പോസ്റ്റോഫീസ് റെക്കറിംഗ് ഡിപ്പോസിറ്റ്. ഒരു വ്യക്തിക്ക് തനിച്ചോ, രക്ഷിതാവിന് മൈനറുടെ പേരിലോ അക്കൗണ്ട് തുടങ്ങാം. 10 വയസ്സു പൂർത്തിയായ കുട്ടികൾക്ക് സ്വന്തം പേരിലും അക്കൗണ്ട് തുടങ്ങാം.

പത്തുരൂപയും അതിന്മേൽ അഞ്ചുരൂപയുടെ ഗുണിതങ്ങളായ തുകയും പ്രതിമാസം നിക്ഷേപമായി കുറഞ്ഞത് അഞ്ചു വർഷത്തേക്ക് നിക്ഷേപിക്കാം. നിക്ഷേപത്തിന് പരിധിയില്ല.

പ്രതിമാസ നിക്ഷേപം വീഴ്ച വരുത്തിയാൽ 10/-രൂപ അക്കൗണ്ടിന് ഒരു മാസം 1൦ പൈസ നിരക്കിൽ പിഴപലിശ നൽകി അക്കൗണ്ട് തുടരാം. 1-൦൦ തീയതി മുതൽ 15-൦൦ വരെ ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളുടെ പ്രതിമാസ നിക്ഷേപം 15-൦൦ തീയതിക്ക് മുമ്പ് അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി അക്കൗണ്ടിന് മേൽപ്പറഞ്ഞ നിരക്കിൽ പിഴപലിശ ബാധകമായിരിക്കും. 6 മാസത്തേയും 12 മാസത്തേയും മുൻകൂർ നിക്ഷേപത്തിന് റിബേറ്റ് ലഭിക്കുന്നതാണ്.

നിക്ഷേപത്തിന് 8.4% നിരക്കിൽ കൂട്ടുപലിശ (ത്രൈമാസം പലിശ മുതലിനോട് ചേർത്ത്) ലഭിക്കുന്നതാണ്. കാലാവധിക്ക് ശേഷം അഞ്ചു വർഷത്തേയ്ക്ക് കൂടി തുക പിൻവലിക്കാതെ അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുകയോ തുടർന്ന് നിക്ഷേപം നടത്തി അക്കൗണ്ട് തുടരുകയോ ചെയ്യാവുന്നതാണ്. ഇങ്ങനെ കാലാവധിക്കുശേഷം അക്കൗണ്ട് തുടരുമ്പോഴും പ്രസ്തുത അക്കൗണ്ടിനും 8.4% നിരക്കിൽ കൂട്ടുപലിശ ലഭിക്കുന്നതാണ്.

50 രൂപ വരെയുള്ള പ്രതിമാസ നിക്ഷേപത്തിന് നിബന്ധനകൾക്ക് വിധേയമായി സൗജന്യ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാണ്. അക്കൗണ്ട് ആരംഭിച്ച് ഒരു വർഷത്തിന് ശേഷം നിക്ഷേപത്തിന്റെ പകുതി തുക വരെ ഒരു തവണ ലോൺ എടുക്കാനുള്ള സൗകര്യങ്ങളുണ്ട്.

അക്കൗണ്ട് ആരംഭിച്ച് മൂന്ന് വർഷത്തിനുശേഷം നിക്ഷേപിച്ച തുക പൂർണ്ണമായും സേവിംഗ്സ് ബാങ്ക് പലിശ നിരക്കോടെ പിൻവലിക്കാവുന്നതാണ്. ചെക്ക് വഴി തുക നിക്ഷേപിക്കുന്നവർക്ക് ചെക്ക് മാറുന്ന ദിവസമായിരിക്കും നിക്ഷേപ തീയതി.

സേവിംഗ്സ് ബാങ്ക് അക്കൗണ്ട്

ദൈനംദിനആവശ്യങ്ങൾക്ക് ഉപയുക്തമാകുമാറ് പണം എപ്പോൾ വേണമെങ്കിലും നിക്ഷേപിക്കാനും തിരിച്ചെടുക്കാനും സൗകര്യമുള്ള പദ്ധതിയാണ് പോസ്റ്റോഫീസ് സേവിംഗ്സ് അക്കൗണ്ട്. അക്കൗണ്ട് തുടങ്ങാൻ 50 രൂപ മതി. പോസ്റ്റോഫീസ് സേവിംഗ്സ് നിക്ഷേപത്തിന് 4% നിരക്കിൽ ആദായനികുതി നിയമം സെക്ഷൻ 80 TTA അനുസരിച്ച് നികുതി വിമുക്തമാണ്.

മൈനറുടെ പേരിൽ രക്ഷാകർത്താവിന് അക്കൗണ്ട് തുടങ്ങാം. 10 വയസ്സു പൂർത്തിയായ കുട്ടികൾക്ക് സ്വന്തം പേരിലും അക്കൗണ്ട് തുടങ്ങാം. ഹെഡ് പോസ്റ്റോഫീസുകളിലും എല്ലാ സബ് പോസ്റ്റോഫീസുകളിലും 500 രൂപയിൽ കുറയാതെ നിക്ഷേപമുള്ളവർക്ക് ആവശ്യപ്പെട്ടാൽ ചെക്ക് ബുക്ക് ലഭിക്കുന്നതും തുടർന്ന് ചെക്ക് മുഖേനയുടപാട് നടത്താവുന്നതുമാണ്. നിക്ഷേപത്തിന് പരിധിയില്ല.

ടേം ഡിപ്പോസിറ്റ്

സ്ഥിര നിക്ഷേപമായി 200 രൂപയും അതിന്റെ ഗുണിതങ്ങളും ഒരു വർഷം, രണ്ടു വർഷം, മൂന്ന് വർഷം, അഞ്ചു വർഷം എന്നീ കാലയളവുകളിലേയ്ക്ക് പോസ്റ്റോഫീസ് ടൈം ഡിപ്പോസിറ്റ് അക്കൗണ്ടിൽ സ്വീകരിക്കുന്നു. ഒരു വ്യക്തിയ്ക്ക് സ്വന്തം പേരിലും മൈനറുടെ പേരിലും രണ്ടു വ്യക്തികൾക്ക് കൂട്ടായും അക്കൗണ്ട് ആരംഭിക്കാം. പലിശ ത്രൈമാസമായി കണക്കാക്കി ആണ്ടുതോറും നൽകുന്നു. ഒരു ലക്ഷം രൂപ വരെയുള്ള അഞ്ചുവർഷ സ്ഥിര നിക്ഷേപത്തിന് സെക്ഷൻ 80-സി പ്രകാരം നികുതിയിളവ്. നിക്ഷേപ തുക 1 വർഷത്തിന് മുൻപ് എപ്പോൾ വേണമെങ്കിലും സേവിംഗ്സ് ബാങ്ക് പലിശ നിരക്കോടെ പിൻവലിക്കാം. 1 വർഷത്തിനുശേഷം പിൻവലിക്കുന്ന നിക്ഷേപത്തിന് നിലവിലെ നിരക്കിനേക്കാൾ 1% കുറച്ചു മാത്രമേ പലിശ ലഭിക്കുകയുള്ളൂ.

മാസവരുമാനപദ്ധതി

നിക്ഷേപ തുകയുടെ പലിശ പ്രതിമാസം ലഭിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. 5 വർഷമാണ് നിക്ഷേപത്തിന്റെ കാലാവധി കുറഞ്ഞ നിക്ഷേപം 1,500 രൂപ. ഒരാൾക്ക് 4.5 ലക്ഷം രൂപയും രണ്ടുപേർക്ക് കൂട്ടായി 9 ലക്ഷം രൂപയുമാണ് പരമാവധി നിക്ഷേപിക്കാവുന്ന തുക. 1500 രൂപയുടെ ഗുണിതങ്ങളായി തുക സ്വീകരിക്കുന്നു. നിക്ഷേപം നടത്തി ഒരു വർഷത്തിനുശേഷം 2% കിഴിവോടെയും, മൂന്നുവർഷത്തിനുശേഷം 1% കിഴിവോടുകൂടെയും നിക്ഷേപത്തുക പിൻവലിക്കാവുന്നതാണ്.

8.4% നിരക്കിൽ പ്രതിമാസം പലിശ 01/04/2014 മുതൽ തുടങ്ങിയ അക്കൗണ്ടുകൾക്ക് ലഭിക്കുന്നു. മാസവരുമാന പദ്ധതിയുടെ പലിശ മാസം തോറും റക്കറിംഗ് ഡെപ്പോസിറ്റിൽ നിക്ഷേപിച്ചാൽ കാലാവധി ആകുമ്പോൾ രണ്ടും കൂടി ഏകദേശം 10.45% പലിശ ലഭിക്കുന്നു.

5 വർഷ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്

ഉയർന്ന പലിശ നിരക്കും ആദായനികുതി ആനുകൂല്യവും ഒത്തുചേർന്ന ഈ സർട്ടിഫിക്കറ്റുകൾ 100 രൂപ, 500 രൂപ, 1000 രൂപ, 5000 രൂപ, 10000 രൂപ എന്നീ മൂല്യവിലക്ക് പോസ്റ്റോഫീസുകളിൽ നിന്നും ലഭിക്കുന്നു. കാലാവധി 5 വർഷമാണ്. പ്രായപൂർത്തിയായ വ്യക്തിക്ക് സ്വന്തം പേരിലും കൂട്ടായും മൈനറുടെ പേരിലും സർട്ടിഫിക്കറ്റ് വാങ്ങാം.

നിക്ഷേപത്തിന് 8.5% അർദ്ധവാർഷിക നിരക്കിൽ കൂട്ടുപലിശ ലഭിക്കുന്നു. 1000 രൂപ മുഖവിലയ്ക്കുള്ള സർട്ടിഫിക്കറ്റ് 5 വർഷം തികയുമ്പോൾ 1516.20 രൂപയായി വർദ്ധിക്കുന്നു. നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റിന്റെ പലിശ അടുത്ത വർഷം നിക്ഷേപിച്ചതായി കണക്കാക്കുന്നതും പ്രസ്തുത നിക്ഷേപത്തിനും ആദായ നികുതി ഇളവുകൾ ലഭിക്കുന്നതുമാണ്.

10 വർഷ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്

ഉയർന്ന പലിശ നിരക്കും ആദായ നികുതി ആനുകൂല്യവും ഒത്തുചേർന്ന ഈ സർട്ടിഫിക്കറ്റുകൾ 100 രൂപ, 500 രൂപ, 1000 രൂപ, 5000 രൂപ, 10,000 രൂപ എന്നീ മുഖവിലയ്ക്ക് പോസ്റ്റോഫീസുകളിൽ നിന്നും ലഭിക്കുന്നു. കാലാവധി 10 വർഷമാണ്. 100 രൂപ നിക്ഷേപം 10 വർഷത്തിനുശേഷം 236.60 രൂപയായി വർദ്ധിക്കുന്നു. പ്രായപൂർത്തിയായ വ്യക്തിയ്ക്ക് സ്വന്തം പേരിലും കൂട്ടായും മൈനറുടെ പേരിലും സർട്ടിഫിക്കറ്റ് വാങ്ങാം.

നിക്ഷേപത്തിന് 8.8% അർദ്ധവാർഷിക നിരക്കിൽ കൂട്ടുപലിശ ലഭിക്കുന്നു. നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റിന്റെ പലിശ അടുത്ത വർഷം നിക്ഷേപിച്ചതായി കണക്കാക്കുന്നതും പ്രസ്തുത നിക്ഷേപത്തിനും ആദായ നികുതി ഇളവുകൾ ലഭിക്കുന്നതുമാണ്.

പബ്ലിക് പ്രോവിഡന്റ് ഫണ്ട്

